(ബി) എന്നാണ് ഇതുസംബന്ധിച്ച വിധിയുണ്ടായതെന്ന് വ്യക്തമാക്കാമോ?

29-8-2019-ൽ കോടതി വിധിയുണ്ടായി.

(സി) നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മരിച്ചയാളുടെ ഭാര്യ ശ്രീമതി ടി.സി. ബുഷ്റ അപേക്ഷ നൽകിയിട്ടുണ്ടോ; പ്രസ്തുത തുക നൽകുന്നതിൽ കാലതാമസം വരുന്നതിനിടയാക്കിയ കാരണം വിശദമാക്കാമോ; മറ്റു വരുമാന മാർഗ്ഗമൊന്നുമില്ലാത്ത ഈ കുടുംബത്തിന് തുക എപ്പോൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

ശ്രീമതി ബുഷ്റ നൽകിയ അപേക്ഷ കെ.എസ്.ആർ.ടി.സി.-യിൽ ലഭിച്ചിരുന്നു. അപകട നഷ്ടപരിഹാരം ആവശ്യപ്പെട്ട് ശ്രീമതി ബുഷ്റ ബഹു. കോഴിക്കോട് എം.എ.സി.റ്റി-യിൽ ഫയൽ ചെയ്ത ഒ.പി.(എം.വി) 735/2012-ലെ വിധിത്തുകയായ 5,82,500 രൂപ 7.5% പലിശ ഉൾപ്പെടെ കോർപ്പറേഷൻ കടക്കാരിക്ക് 3-12-2014-ലെ 712870 മുതൽ 712879-ാം നമ്പർ വരെയുള്ള ചെക്ക് പ്രകാരം നൽകിയിരുന്നു. വിധിത്തുക അധികരിച്ച് ലഭിക്കുന്നതിലേയ്ക്കായി അപേക്ഷക ബഹു. ഹൈക്കോടതിയിൽ എം.എ.സി.എ നമ്പർ 2974/2014 ഫയൽ ചെയ്യുകയും ബഹു. ഹൈക്കോടതി അപേക്ഷകയ്ക്ക് 8,38,500 രൂപ 7.5% പലിശ ഉൾപ്പെടെ അധികമായി അനുവദിക്കാൻ വിധി പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത വിധി നടപ്പിലാക്കുന്നതിനുവേണ്ടി കോർപ്പറേഷൻ 13,41,255 രൂപയുടെ നടപടിക്രമം (Proceedings) പുറപ്പെടുവിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ നിലവിലെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഈ തുക നൽകുന്നതാണ്.

**കെ.എസ്.ആർ.ടി.സി.-യുടെ കടം**

183 (2903) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ കടം എത്രയാണ് എന്ന് വ്യക്തമാക്കാമോ?

കൺസോർഷ്യം വായ്പയായി 3,163.63 കോടി രൂപയും ജീവനക്കാർക്ക് നൽകുവാനുള്ള കുടിശ്ശികയായി 212.54 കോടി രൂപയും വിവിധ കമ്പനികൾ, കരാറുകാർ, എണ്ണക്കമ്പനികൾ, മറ്റുള്ളവ എന്നിവയ്ക്ക് 639.96 കോടി രൂപയും സർക്കാർ വായ്പയായി 6496.13 കോടി രൂപയും ഉൾപ്പെടെ കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ ആകെ കടം ഉദ്ദേശം 10,512.26 കോടി രൂപയാണ്.

(ബി) 2016-ൽ കടം എത്രയായിരുന്നു എന്നും വ്യക്തമാക്കാമോ?

2015-16 സാമ്പത്തിക വർഷാവസാനത്തിലെ കടം 4,075.27 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly